**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1021** **29-08-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ; | (എ) | കോട്ടയ്ക്കൽ മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള തുടർനടപടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | നിലവിൽ കോട്ടക്കൽ മണ്ഡലത്തിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി തൂതപ്പുഴയിലും ഭാരതപ്പുഴയിലും തടയണകൾ നിർമ്മിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>എടയൂർ, ഇരിമ്പിളിയം പഞ്ചായത്തുകൾക്കും വളാഞ്ചേരി മുനിസിപ്പാലിറ്റിക്കും വേണ്ടി കിഫ്ബിയിൽ ഉൾപ്പെടുത്തി 7217 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയ പ്രവൃത്തിയുടെ പാക്കേജ് 1-ൽപ്പെട്ട പമ്പിംഗ് മെയിനുകൾ സ്ഥാപിക്കൽ, 26 MLD ജല ശുദ്ധീകരണ ശാല, 25.20LL GLSR, 23 ലക്ഷം ലിറ്റർ ശേഷിയുള്ള OHSR എന്നിവയുടെ നിർമ്മാണം, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ മുതലായവ - 94% പൂർത്തിയായി. പാക്കേജ് 2-ൽ വിതരണ ശൃംഖല -61% പൂർത്തിയായി, പാക്കേജ് 3 - ൽ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സപ്ലൈ ചെയ്ത് സ്ഥാപിക്കൽ, മുതലായവ - 33% പൂർത്തിയായി.<br><br>അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി വളാഞ്ചേരി മുനിസിപ്പാലിറ്റിക്കു വേണ്ടി 13.414 കോടി രൂപയുടെയും കോട്ടക്കൽ മുനിസിപ്പാലിറ്റിക്കു വേണ്ടി 14.989 കോടി രൂപയുടേയും പദ്ധതികളുടെ അനുമതി നല്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി നല്കിയ കുടിവെള്ള കണക്ഷനു കളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇത് വരെ നൽകിയ കണക്ഷനു കളുടെ എണ്ണം (19.08.2022 വരെ) | തുടർ നടപടികൾ |
|---|---|---|---|---|---|
| 1 | എടയൂർ | 6961 | 1599 | 3932 | ഘട്ടം 1 & ഘട്ടം 2 –പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 2 | ഇരിമ്പിലയം | 4195 | 1182 | 2519 | ഘട്ടം 1 – പ്രവൃത്തി പൂർത്തീകരിച്ചു.<br>ഘട്ടം 2 – പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br>ഘട്ടം 3 – ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 3 | കുറ്റിപ്പുറം | 8177 | 12223 | 286 | പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 4 | മാറാക്കര | 9555 | 6073 | 2062 | ഘട്ടം 1 – പ്രവൃത്തി പൂർത്തീകരിച്ചു.<br>ഘട്ടം 2 – പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br>ഘട്ടം 3 – പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 5 | പൊന്മല | 7106 | 1888 | 2923 | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| **ആകെ** | | **35994** | **22964** | **11722** | |